**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. |
| (ബി) | സർക്കാർ ഈ സാമ്പത്തിക വർഷം നാളിതു വരെ കടം എടുത്ത തുക എത്രയെന്നും ഈ സാമ്പത്തിക വർഷം കടം എടുക്കാൻ അനുവദനീയമായ തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി.<br><br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തികവർഷം ഒക്ടോബർ വരെ 5135.20 കോടി രൂപ (തനി) സംസ്ഥാനം കടമെടുത്തിട്ടുണ്ട്. |
| (സി) | സർക്കാർ പദ്ധതിയിനത്തിൽ ഇതുവരെ ചെലവഴിച്ച തുക ആകെ പദ്ധതിയിനത്തിന്റെ എത്ര ശതമാനമാണെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; | (സി) | പ്ലാൻ സ്പെയ്സിലെ വകുപ്പ്തല താല്ക്കാലിക കണക്കുകൾ പ്രകാരം സർക്കാർ പദ്ധതിയിനത്തിൽ ഇതുവരെ ചെലവഴിച്ച തുകയുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് പദ്ധതി ഉൾപ്പെടെയുള്ള സാമ്പത്തിക വിഷയങ്ങളിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടാകും. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും |

| | | | |
|---|---|---|---|
| | | | നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇക്കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Departmentwise Expenditure on Plan Schemes | | | | |
|---|---|---|---|---|
| Financial year -2022-23 | | | | |
| Sl No | Secretary Name | Total Outlay (in Lakhs) | Total Expenditure (in Lakhs) | % of Expenditure |
| 1 | Agriculture Development & Farmers Welfare | 82467 | 36582.27 | 44.36 |
| 2 | Animal Husbandry | 45776 | 11626.69 | 25.4 |
| 3 | Co-operation | 15583 | 1065.83 | 6.84 |
| 4 | Cultural Affairs | 10759 | 3652.39 | 33.95 |
| 5 | Environment | 2605 | 651.56 | 25.01 |
| 6 | Finance | 16350.2 | 7781.34 | 47.59 |
| 7 | Fisheries | 33890 | 15399.39 | 45.44 |
| 8 | Food & Civil Supplies | 6736 | 77.44 | 1.15 |
| 9 | Forest & Wild Life | 22132 | 7742.4 | 34.98 |
| 10 | General Administration | 4755 | 1189.42 | 25.01 |
| 11 | General Education | 102024 | 43696.58 | 42.83 |
| 12 | Health & Family Welfare | 188926 | 142580.85 | 75.47 |
| 13 | Higher Education | 71335 | 28890.99 | 40.5 |
| 14 | Home & Vigilance | 29900 | 5246 | 17.55 |
| 15 | Housing | 5737 | 298.76 | 5.21 |
| 16 | Information and Public Relations | 4043 | 1297.68 | 32.1 |
| 17 | Industries & Commerce | 103871 | 28064.04 | 27.02 |
| 18 | Electronics & Information Technology | 55900 | 22436.15 | 40.14 |
| 19 | Labour and Skills | 25895 | 9114.23 | 35.2 |
| 20 | Law | 68 | 11.25 | 16.54 |
| 21 | Legislature | 101.21 | 628.78 | 621.26 |
| 22 | Local Self Government | 269137 | 94662.07 | 35.17 |
| 23 | Non- Resident Keralites Affairs | 14791 | 5053.67 | 34.17 |
| 24 | Personnel & Administrative Reforms | 2800.3 | 1478.06 | 52.78 |
| 25 | Planning & Economic Affairs | 28883 | 5018.14 | 17.37 |
| 26 | Ports | 8013 | 1212.12 | 15.13 |
| 27 | Power | 115293 | 2894.32 | 2.51 |
| 28 | Public Works | 128896 | 122852.61 | 95.31 |
| 29 | Revenue | 12290 | 3259.74 | 26.52 |
| 30 | Scheduled Castes | 160060 | 89564.63 | 55.96 |
| 31 | Scheduled Tribes | 64612 | 19209.73 | 29.73 |
| 32 | Science & Technology | 8977 | 4348.73 | 48.44 |
| 33 | Social Justice | 26319 | 7921.68 | 30.1 |
| 34 | Sports and Youth Affairs | 12461 | 4401.62 | 35.32 |
| 35 | Taxes | 3335.29 | 1065.01 | 31.93 |
| 36 | Tourism | 36215 | 14384.41 | 39.72 |
| 37 | Transport | 39215 | 24540.41 | 62.58 |
| 38 | Water Resources | 145216 | 82840.29 | 57.05 |
| 39 | AYUSH | 12562 | 3204.85 | 25.51 |
| 40 | Woman and Child Development | 48146 | 16046.25 | 33.33 |
| 41 | Industry (Coir) | 11700 | 5863.43 | 50.11 |
| 42 | Backward Communities Development | 10334 | 3259.36 | 31.54 |
| 43 | Coastal Shipping and Inland Navigation | 10356 | 4576.95 | 44.2 |

| | | | | |
|---|---|---|---|---|
| 44 | Cultural Affairs(Archeology,Archives & Musuems) | 5675 | 1207.43 | 21.28 |
| 45 | Disaster Management | 801 | 734.45 | 91.69 |
| 46 | Minority Welfare | 5271 | 957.91 | 18.17 |
| 47 | Taxes(Excise) | 1950 | 388.36 | 19.92 |
| 48 | Cultural Affairs(Zoos) | 800 | 567.06 | 70.88 |
| 49 | Vigilance | 1275 | 378.28 | 29.67 |
| 50 | Planning and Economic Affairs (RKI) | 160000 | 77876.92 | 48.67 |
| 51 | Legal Metrology | 578 | 99.82 | 17.27 |
| 52 | Industries (Cashew) | 5800 | 4306.47 | 74.25 |
| 53 | Programme Implementation, Evaluation & Monitoring | 885 | 544.15 | 61.49 |
| 54 | LSG Institutions | 804800 | 349539.47 | 43.43 |
| 55 | Major Infrastructural Development Projects | 50700 | 0 | 0 |
| | **TOTAL** | **3037000** | **1322292.44** | **43.54** |